ഭീതി ഒഴിയാതെ ഭോപ്പാൽ

ലോകത്തിലെ ഏറ്റവും വലിയ വ്യാവസായിക ദുരന്തത്തിനു കാൽനൂറ്റാണ്ട് പൂർത്തിയാവുമ്പോൾ ദുരിതങ്ങളും പേറി പാവങ്ങളായ പതിനായിരങ്ങൾ ഇന്നും വിധിയോട് പോരാടുന്നു. എല്ലാവരും ഭോപ്പാൽ വിഷവാതക ദുരന്തം മറക്കുകയാണ്. അഥവാ മറക്കാൻ ശ്രമിക്കുകയാണ്. ദുരന്തം നേരിട്ട് റിപ്പോർട്ടുചെയ്ത മാതൃഭൂമി ലേഖകൻ

വി. രാജഗോപാൽ

വീണ്ടും ഭോപ്പാലിൽനിന്ന്...

ഒന്നും മറന്നിട്ടില്ല. ഇന്നലെയെന്നോണം നടുക്കത്തോടെ എല്ലാം ഓർമിക്കാനാവും. പൊതുതിരഞ്ഞെടുപ്പു കവറേജിനായി ഡൽഹിയിൽ കഴിയവെ അർധരാത്രി കേരളഹൗസിൽ വന്ന് വിളിച്ചുണർത്തി എയർടിക്കറ്റുമേല്പിച്ച് പുലർച്ചെ ഫ്ളൈറ്റിന് ഭോപ്പാലിലേക്ക് വഴിതിരിച്ചുവിട്ടത് അന്നത്തെ ഡൽഹി പ്രതിനിധി വി.കെ. മാധവൻകുട്ടി. നല്ല തണുപ്പും മൂടൽമഞ്ഞുമുള്ള ഒരു പുലർച്ചെ ബൈരാഗഢിൽ വന്നിറങ്ങുമ്പോൾ കണ്ട വാതകദുരന്തത്തിന്റെ ഭയാനകമായ ചിത്രങ്ങൾ ഇന്നും മനസ്സിനെ വേട്ടയാടുന്നു.

ലോകം കണ്ട ഏറ്റവും വലിയ വ്യാവസായിക ദുരന്തത്തിന്റെ രക്തസാക്ഷികളായി പഴയ ഭോപ്പാലിലെങ്ങും തലങ്ങും വിലങ്ങും കിടന്ന ശവങ്ങൾക്കിടയിലൂടെയായിരുന്നു മരവിച്ച മനസ്സുമായി ഒഴുകിനടന്നത്. യൂണിയൻ കാർബൈഡിൽനിന്നുള്ള എം.ഐ.സി. (വിഷ) വാതകം ചോർന്നതറിയാതെ തൊട്ടടുത്ത ബസ്തികളിലും (കോളനി) പുറമ്പോക്കുകളിലെ 'ജുഗ്ഗി'കളിലും (കുടിൽ) ഉറങ്ങിക്കിടന്ന പാവങ്ങളൊന്നും ഉണരാതെപോയ 1984 ഡിസംബർ 2–3 രാത്രികളിൽ മരണം വേതാളനൃത്തം ചവിട്ടിയത് തെരുവീഥികളിലായിരുന്നു. വിഷവാതകമേറ്റ് പാതിയുറക്കത്തിൽനിന്നുണർന്ന് ജീവനും കൊണ്ടോടിയ സ്ത്രീകളും കുട്ടികളുമടങ്ങുന്ന പുരുഷാരം കുഴഞ്ഞുവീണും പിടഞ്ഞും മരിച്ചുവീണ വീഥികളിലെല്ലാം ശവശരീരങ്ങൾ കുന്നുകൂടിക്കിടന്നു. മരിച്ചവരെയും മരണത്തോട് മല്ലടിക്കുന്നവരെയുംകൊണ്ട് ഹമീദിയാ മെഡിക്കൽ കോളേജ് ആസ്പത്രിയിലേക്കുള്ള ജീപ്പുകളുടെയും ടെമ്പോകളുടെയും നിലയ്ക്കാത്ത പ്രവാഹം തുടർന്നു. നാളികേരം കൂട്ടിയിട്ടതുപോലെ കൊച്ചുകുഞ്ഞുങ്ങളുടെ മൃതദേഹങ്ങൾ പെരുകി. തിരിച്ചറിയാനായി കിടത്തിയ അജ്ഞാത ശവങ്ങൾക്കു സ്ഥലം പോരെന്നായി. തിരിച്ചറിഞ്ഞ മൃതദേഹങ്ങളുമായി വിവിധ മതവിഭാഗങ്ങളുടെ വിലാപയാത്ര വഴിനീളെ. പള്ളികളിലും ശ്മശാനങ്ങളിലും ഒരിക്കലും കണ്ടിട്ടില്ലാത്ത ക്യൂ; ശവസംസ്കാരങ്ങളുടെ തിരക്ക്. ആയിരക്കണക്കിന് അജ്ഞാത ശവങ്ങളുടെ കൂട്ട ശവദാഹം ഓഷൻഗബാദിലെ നർമദാതീരത്ത്. ആവശ്യമായ വിറകിനു ക്ഷാമം നേരിട്ടപ്പോൾ പെട്രോളൊഴിച്ച് കത്തിക്കുന്നു. വിറങ്ങലിച്ചുനിന്ന അന്നത്തെ രാത്രികളും ഒരുപോലെ–ഉറങ്ങാത്ത രാത്രികളിൽ ഉണരാതെപോയ അജ്ഞാതരായ ആയിരങ്ങളാണ് ഉറക്കംകെടുത്തിയതെങ്കിൽ ഇന്നോ?

കാൽനൂറ്റാണ്ടിനുശേഷം വീണ്ടും ദുരന്തഭൂമിയിൽ. തണുപ്പുകുറഞ്ഞ തെളിഞ്ഞ അന്തരീക്ഷത്തിൽ വന്നിറങ്ങുമ്പോൾത്തന്നെ ഭോപ്പാലിന്റെ മാറ്റം പ്രകടമാണ്. ഭരണം കോൺഗ്രസ്സിൽനിന്ന് ബി.ജെ.പി.യിലെത്തി; ഇടതുകാലിലെ മന്ത് വലതുകാലിലേക്ക് മാറിയ വ്യത്യാസംമാത്രം. നാടിനെ നടുക്കിയ വാതക ദുരന്തത്തെ എല്ലാവരും മറന്നപോലെ. അഥവാ മറക്കാൻ ശ്രമിക്കുന്നു. പഴയ ഭോപ്പാലിലെ കാർബൈഡ് ഫാക്ടറിക്കടുത്തുകൂടിയുള്ള ഒാട്ടപ്രദക്ഷിണത്തിൽ വാതകദുരന്തത്തിന്റെ ദുരിതങ്ങളെല്ലാം പഴയ ഭോപ്പാലുകാർക്ക് ചാർത്തിക്കൊടുത്തതായി തോന്നി. തടാകം വേർതിരിക്കുന്ന പുതിയ ഭോപ്പാൽ എല്ലാം അവഗണിക്കുന്നു. അല്ലെങ്കിലും ദുരന്തത്തെക്കുറിച്ച് പുതിയ തലമുറയ്ക്ക് ഒന്നുമറിയില്ല. അവരെ എന്തെങ്കിലും പഠിപ്പിക്കാൻ ആരും ശ്രമിക്കുന്നുമില്ല. ലോക ചരിത്രത്തിലെ ഏറ്റവും വലിയ വ്യാവസായിക ദുരന്തത്തിന്റെ ഓർമയിൽ ഒരു ദേശീയ ദിനമോ ഒരു സ്മാരകമോ പോലുമില്ല. ആറു പതിറ്റാണ്ടു പിന്നിട്ടിട്ടും ഹിരോഷിമയിലെ കൂട്ടക്കൊലയ്ക്കെതിരെ കൊല്ലംതോറും ആഗസ്ത് ആറിന് പീസ്പാർക്കിലെ സ്മാരകത്തിൽ ഒത്തുചേരുന്നവരുടെ കൂട്ടായ്മയ്ക്ക് സ്തുതി! ഇവിടെ വിഷവാതകമേറ്റു മരണമടഞ്ഞ പതിനായിരങ്ങൾ ഭാഗ്യവാന്മാർ! എന്നാൽ ദുരന്തത്തിന്റെ എണ്ണിയാൽ ഒടുങ്ങാത്ത ദുരിതവും പേറി 'മരിക്കാതെ മരിക്കുന്ന' പതിനായിരങ്ങളാണ് നാടിന്റെ തീരാദുഃഖമായി മാറുന്നത്.

*****

കുടുംബം മുഴുവൻ മരിച്ചവരുണ്ട്. എത്രയോ കുട്ടികൾ അനാഥരായി. ബാക്കിയായവർക്കാകട്ടെ ജോലി ചെയ്യാനുമാവുന്നില്ല. കുറച്ച് ജോലി ചെയ്യുമ്പോഴേക്കും ക്ഷീണം. കിട്ടിയ നഷ്ടപരിഹാരം ചികിത്സയ്ക്കുതന്നെ ചെലവാക്കേണ്ടിവന്നവരാണധികവും. ദുരന്തബാധിതരായ കുടുംബങ്ങളിൽനിന്ന് വിവാഹം കഴിക്കാൻ ഇവിടെയുള്ള ആൺകുട്ടികൾതന്നെ തയ്യാറാകുന്നില്ല. കാരണം മറ്റൊന്നല്ല, വീട്ടുജോലികൾപോലും ചെയ്യാനാവില്ല. ഗർഭം ധരിക്കില്ല. ഗർഭമുണ്ടായാൽ അലസിപ്പോവും. ഇനി അഥവാ പ്രസവിച്ചാൽത്തന്നെ വൈകല്യമുള്ള കുഞ്ഞുങ്ങൾ; ചുണ്ടും മൂക്കുമില്ലാത്തവർ. വലിയ തലയുള്ളവർ. കുട്ടികളുടെ ബാല്യം മുഴുവനും ആസ്പത്രികളിൽ ഹോമിച്ചവരാണ് ഏറെയും. മനോരോഗികൾ കൂടിക്കൂടി വന്നു. കുടുംബനാഥനെ നഷ്ടപ്പെട്ട കുടുംബങ്ങൾ ഏറെയുണ്ട്. അവരൊക്കെ ജീവിതം തള്ളിനീക്കുന്നത് നരകയാതനകളിലൂടെയാണ്. വിധവകൾ ഏറെയുള്ള ഒരു കോളനിയുടെ പേര് മറ്റൊന്നല്ല; വിധവാ കോളനി.

വാതകദുരന്തത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം കഴിഞ്ഞ് രണ്ടു ദിവസത്തിനുശേഷം വിശദമായ റിപ്പോർട്ട് പുറത്തിറക്കുമെന്നാണ് മധ്യപ്രദേശിന്റെ മുൻ മുഖ്യമന്ത്രിയും ഇപ്പോഴത്തെ ഭോപ്പാൽ ദുരിതാശ്വാസവകുപ്പ് മന്ത്രിയുമായ ബാബുലാൽ ഗൗർ പറയുന്നത്. എന്താരു തമാശ!

'ചക്കിക്കൊത്ത ചങ്കര'നെന്നപോലെ മന്ത്രിക്കു പറ്റിയ പ്രിൻസിപ്പൽ സെക്രട്ടറിയാണ് വാതകദുരന്ത ദുരിതാശ്വാസ–പുനരധിവാസ വകുപ്പിനുള്ളത്. പേര് എം.എം. ഉപാധ്യായ. ദുരിതബാധിതരുടെ രണ്ടും മൂന്നും തലമുറയിൽപ്പെട്ടവരാരും നഷ്ടപരിഹാരത്തിനും സൗജന്യ ചികിത്സയ്ക്കും അർഹരല്ലെന്നാണ് അദ്ദേഹത്തിന്റെ കണ്ടുപിടിത്തം. കാരണം ദുരന്തം നടക്കുമ്പോൾ അവരാരുമില്ലല്ലോ!

****

വാതകദുരന്തത്തിൽ മരിച്ചവർ എത്രയായിരിക്കും? മൂവായിരമെന്ന് കാർബൈഡ് പറയുമ്പോൾ പതിനായിരത്തിന്റെ മറ്റൊരു കണക്കാണ് ഭരണകൂടത്തിനുള്ളത്. ഇരുപതിനായിരം പേരെങ്കിലും മരിച്ചിട്ടുണ്ടാകുമെന്ന് ദൃക്സാക്ഷികളുടെ വിലയിരുത്തൽ. ഇപ്പോൾ ഒരു കണക്കെടുപ്പിന്റെ പ്രസക്തിപോലും നഷ്ടപ്പെട്ടുപോയിരിക്കുന്നു. നഷ്ടപരിഹാരം തീരുമാനിച്ച 2004-ലെ അവസാന വിലയിരുത്തലിൽ ഗുരുതരമായി പരിക്കേറ്റവർ 5,74,000 പേർ. മരിച്ചവർ 15,274 പേർ. ഇവർക്കൊക്കെ നഷ്ടപരിഹാരം കിട്ടി. ആസ്പത്രികളിൽ ചികിത്സയ്ക്കെത്തുന്ന മൂന്നു ലക്ഷം പേരിൽ, ഒരുലക്ഷം പേരിൽ വാതകം ഗുരുതരമായ പ്രത്യാഘാതമേല്പിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു. ഇതേസമയം ദുരിതബാധിതരുമായി ബന്ധപ്പെടാതെ സുപ്രീംകോടതി വിധിയനുസരിച്ച് യൂണിയൻ കാർബൈഡുമായുണ്ടാക്കിയ കരാറനുസരിച്ച്, മരിച്ച മൂവായിരമുൾപ്പെടെ ദുരിതബാധിതർ 1,20,000 മാത്രം. ഈ കണക്കുകളിൽ കാര്യമില്ല; മരണങ്ങളിലും. കാരണം, മരണങ്ങൾ തുടരുകയാണ്. ദുരിതങ്ങൾ അവസാനിക്കുന്നില്ല.

കമ്പനിയുടെ നിർമാണം പുരോഗമിക്കുമ്പോൾത്തന്നെ കുഴിച്ചുമൂടിയ 8000 ടൺ മാരകമായ ഖരമാലിന്യങ്ങൾക്കു പുറമെ ആയിരം ടൺ ഖരമാലിന്യം പുറത്തുണ്ട്. സ്റ്റോറേജ് ഹൗസിലുള്ള 386 ടൺ കഴിച്ചാൽ ബാക്കി തുറന്നുകിടക്കുന്നു. മഴയത്ത് മണ്ണിലേക്ക് ഒലിച്ചിറങ്ങുമെന്നത് സ്വാഭാവികം. ഗ്രീൻപീസ് ഇന്റർനാഷണൽ എന്ന പരിസ്ഥിതി സംഘടന നടത്തിയ പഠനത്തിൽ ഇവിടത്തെ വെള്ളത്തിലുള്ള രാസപദാർഥങ്ങൾ അർബുദത്തിനും മസ്തിഷ്കശോഷണത്തിനും ജനിതക വൈകല്യങ്ങൾക്കും ഇടവരുത്തുമെന്ന് മുന്നറിയിപ്പു നല്കുന്നു. മെർക്കുറിയുടെ അളവ് അറുപതു ലക്ഷം ഇരട്ടിയാണെന്നും ഭ്രൂണത്തിന്റെ വളർച്ച തടയുന്ന ട്രൈ ക്ലോറോ ഈഥൈന്റെ അളവ് അൻപത് ഇരട്ടിയാണെന്നും കണ്ടെത്തിയിരിക്കുന്നു. അമ്മമാരുടെ മുലപ്പാലിൽ ക്ലോറോഫോമും റെഡക്ലോറോമീഥേനും ലെഡും മെർക്കുറിയും ട്രൈ ക്ലോറോ ബെൻസിനും കണ്ടെത്തിയതാണ് മറ്റൊരു പഠനം.

കോലാർ ശുദ്ധജലവിതരണ പദ്ധതിയിൽ ഈ കോളനികളെ ഉൾപ്പെടുത്തണമെന്ന് സുപ്രീംകോടതി ഉത്തരവുണ്ടെങ്കിലും പൈപ്പിടൽ ഇപ്പോഴും കടലാസിൽത്തന്നെ. പുതിയ ഭോപ്പാലിലെ സമ്പന്നരുടെ ഫ്ലാറ്റുകളിലേക്കും വില്ലകളിലേക്കുമുള്ള പൈപ്പുകൾ പോകുന്നത് ഇതുവഴിയാണെന്നുള്ളതാണ് വലിയ വിരോധാഭാസം. ടാങ്കറുകളിൽ വെള്ളമെത്തിക്കുന്നുണ്ടെന്ന് സർക്കാർ പറയുന്നുണ്ടെങ്കിലും വല്ലപ്പോഴുമെത്തുന്ന വെള്ളം കുടിക്കാൻപോലും തികയില്ല. അവിടവിടെ സർക്കാർ വക സിൻടെക്സ് ടാങ്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വെള്ളമെത്തുന്നില്ലെന്ന് വാദം. അപ്പോൾ പിന്നെ ഈ പാവങ്ങളുടെ മുന്നിലുള്ള പോംവഴിയെന്ത്? വെള്ളം കുടിക്കാതെ മരിക്കണോ? അതോ വിഷജലം കുടിച്ചു മരിക്കണോ? ഒടുവിൽ വിഷജലം കുടിച്ചുമരിക്കാൻ അവർ നിർബന്ധിതരാവുന്നു. മരണവും ജീവിതവും ഇവിടെ ഒരുപോലെ.

****

നഷ്ടപരിഹാരത്തിന്റെ കാര്യം വിചിത്രമാണ്. യൂണിയൻ കാർബൈഡുമായി കേന്ദ്ര സർക്കാർ ഉണ്ടാക്കിയ ഒത്തുതീർപ്പിൽ ദുരിതബാധിതർക്ക് യാതൊരു പങ്കുമില്ലായിരുന്നു. 470 മില്യൻ ഡോളർ നഷ്ടപരിഹാരത്തിന്റെ നല്ലൊരുഭാഗം രാഷ്ട്രീയക്കാരും ബ്യൂറോക്രാറ്റുകളും ഇടത്തട്ടുകാരും വീതിച്ചെടുക്കുകയായിരുന്നു. അർഹതപ്പെട്ട പലർക്കും കിട്ടിയില്ല. ദുരന്തത്തിനുശേഷം ജനിച്ചവർപോലും പീഡിതരായി. റേഷൻ അനുവദിക്കാൻ നിയുക്തനായ ഉദ്യോഗസ്ഥനെ കേന്ദ്രീകരിച്ചാണ് വലിയ അഴിമതി നടന്നത്. കിട്ടുന്ന തുകയിൽ പാതി കമ്മീഷനായി നല്കേണ്ടിവന്നു.



ദുരിതത്തിനിരയായവർക്ക് സൗജന്യ ചികിത്സ നല്കാൻ സർക്കാർ സ്ഥാപിച്ച ആറ് ആസ്പത്രികളിലും ഫലപ്രദമായ ചികിത്സ മാത്രം നടക്കുന്നില്ല. യൂണിയൻ കാർബൈഡിന്റെ പണമുപയോഗിച്ച് അത്യന്താധുനിക ഉപകരണങ്ങളോടെ സർക്കാർ സ്ഥാപിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആസ്പത്രിയിലും സ്ഥിതി മറ്റൊന്നല്ല. മീഥൈൽ ഐസോ സയനൈറ്റിന്റെ ദീർഘകാല പ്രത്യാഘാതങ്ങളെപ്പറ്റി ഫലപ്രദമായ ഗവേഷണം നടന്നിരുന്നെങ്കിൽ ചികിത്സയ്ക്ക് ചില മാനദണ്ഡങ്ങൾ കണ്ടെത്താമായിരുന്നു. അതുണ്ടായില്ല. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നടത്തിയ പഠനങ്ങൾ എന്തുകൊണ്ടോ സർക്കാർ ഇടപെട്ട് 1994-ൽ അവസാനിപ്പിക്കുകയായിരുന്നു.

****

മാവൂർ ഗ്വാളിയോർ റയോൺസിൽനിന്നുള്ള മലിനീകരണത്തിനെതിരെ ചാലിയാർ സംരക്ഷണസമിതി രൂപവത്കരിച്ച് ഒടുവിൽ അർബുദ രോഗബാധിതനായി പൊരുതിമരിച്ച വാഴക്കാട്ടുകാരൻ റഹ്മാനെ ഓർമയില്ലേ? അതുപോലൊരു പോരാളി ഇവിടെ ഭോപ്പാലിലുണ്ട്. ദുരിതബാധിതരുടെ 'കാണപ്പെട്ട ദൈവ'മായ അബ്ദുൾജബാർ. ഭോപ്പാൽ ഗ്യാസ് പീഡിത് മഹിളാ ഉദ്യോഗ് സംസ്ഥാൻ നേതാവ്.

കാൽനൂറ്റാണ്ട് മുൻപ് വാതകദുരന്തം കാഴ്ചനഷ്ടപ്പെടുത്തിയ ആയിരങ്ങളിലൊരാളാണ് അന്ന് ഇരുപത്തിയഞ്ചുകാരനായ ജബാർ. വിഷവാതകം രോഗികളാക്കിയ ഒന്നരലക്ഷം പേരിൽ നല്ലൊരുവിഭാഗം എല്ലാ ശനിയാഴ്ചയും രാജേന്ദ്രനഗറിനടുത്തെ പാർക്കിൽ ഒത്തുചേരുന്നു. ഒരു വിട്ടിൽനിന്ന് ഒരാളല്ലെങ്കിൽ മറ്റൊരാൾ വരും. വല്ലാത്തൊരു ഐക്യദാർഢ്യമാണ് അവിടെ പ്രകടമാവുന്നത്.

വൃദ്ധരുണ്ട്. കുട്ടികളും ഗർഭിണികളുമുണ്ട്. കൈക്കുഞ്ഞുങ്ങളുമായെത്തുന്ന അമ്മമാരുണ്ട്. വികലാംഗരുണ്ട്. കാഴ്ചയില്ലാതെ മറ്റുള്ളവരുടെ കൈകളിൽ പിടിച്ച് നടക്കുന്നവരുമുണ്ട്. എല്ലാവരെയും കറകളഞ്ഞ സ്നേഹത്തിന്റെയും പ്രതീക്ഷയുടെയും ഒരൊറ്റ ചരടിൽ കോർത്ത് അവരിലൊരാളായി മാറുന്ന അബ്ദുൾജബാർ എന്ന അൻപതുകാരന്റെ സാന്നിധ്യവും സംസാരവുമെല്ലാം പുതിയ അനുഭവമായി. കാൽനൂറ്റാണ്ടായി ഒരൊറ്റ ശനിയാഴ്ചയും മുടങ്ങാതെ കൂട്ടായ്മയ്ക്കെത്തുന്ന ജബാർ അതിലേറെ ഒരത്ഭുതമായി മനസ്സിൽ നിറഞ്ഞുനില്ക്കുന്നു.

****

പഴയ ഭോപ്പാൽ ഉറങ്ങിക്കിടക്കുകയാണ്. ബൈരാസിയാ റോഡിൽ ജെ.പി. നഗർ കോളനിയെ ലക്ഷ്യം വെച്ച് നിരവധി തവണ നടന്ന വഴിയിലൂടെ വീണ്ടും. ഒടുവിൽ ചെന്നെത്തുന്നത് യൂണിയൻ കാർബൈഡ് ഫാക്ടറിയുടെ മുന്നിൽ. ആരും ശ്രദ്ധിക്കാതെ പഴകിദ്രവിച്ചതുപോലെ കിടക്കുന്ന കെട്ടിടം ഭീതിയാണുയർത്തുന്നത്. പരിസരമാകെ പുല്ലുപിടിച്ചു കിടക്കുന്നു. മേഞ്ഞുനടക്കുന്ന കാലികളാണ് നിറയെ. എല്ലാറ്റിനും സാക്ഷിയായി ഇ–610 ടാങ്കും ഉയർന്നുനില്ക്കുന്നു. ഈ ടാങ്കിൽ നിന്ന് ചോർന്ന എം.ഐ.സി. (വിഷ) വാതകമാണ് പതിനായിരങ്ങളെ കൊന്നൊടുക്കിയത്.

****

തിരിഞ്ഞുനോക്കുമ്പോൾ മറ്റൊരു മറക്കാനാവാത്ത അനുഭവം. വാതകദുരന്ത റിപ്പോർട്ടിങ്ങും കഴിഞ്ഞ് ഭോപ്പാലിൽനിന്ന് ഡൽഹിയിൽ തിരിച്ചെത്തിയ ഞായറാഴ്ച ഉച്ചയോടെ ഐ.എൻ.എസ്സിലെ 'മാതൃഭൂമി' ഓഫീസിൽ പോയതോർമയുണ്ട്. രാത്രി കണ്ണു തുറക്കുമ്പോൾ പ്രശസ്തനായ ഡോ. ഡോഗ്രയുടെ മുന്നിൽ. വി.കെ. മാധവൻകുട്ടിയും ഒ.വി. വിജയനും സക്കറിയയും ചുറ്റുമുണ്ട്. അബോധാവസ്ഥയിൽ എന്നെ ഇവിടെ കൊണ്ടുവന്നത് അവരാണ്. വിശദമായ പരിശോധനയ്ക്കുശേഷം മാനസികാഘാതമെന്നാണ് ഡോക്ടർ കണ്ടെത്തിയത്. ഒപ്പം വിവിധ ടെസ്റ്റുകൾക്കുമെഴുതി. ഭോപ്പാലിലെ വാതകദുരന്തം അത്രമേൽ എന്നെയാകെ ഇളക്കിമറിച്ചിരുന്നു. അല്ലെങ്കിലും നാലു ദശാബ്ദക്കാലത്തെ പത്രപ്രവർത്തനജീവിതത്തിനിടയിൽ നേരിട്ട് റിപ്പോർട്ട് ചെയ്ത അഞ്ച് ഒളിംപിക് ഗെയിംസുകളെ പിന്നിലാക്കാൻ ഒരൊറ്റ ഭോപ്പാൽ ദുരന്തത്തിനു കഴിയുന്നതും അതുകൊണ്ടുതന്നെ.

ഒരു കാളരാത്രി

(കാൽ നൂറ്റാണ്ടിനുമുമ്പ്)

യൂണിയൻ കാർബൈഡ് ഫാക്ടറി, ഭോപ്പാൽ

1984 ഡിസംബർ 2: (രാത്രി 10 മണി). സെവിൻ കീടനാശിനിയുണ്ടാക്കാൻ ഉപയോഗിക്കുന്ന മീതൈൽ ഐസോ സയനൈറ്റ് മിശ്രിതം 42 ടണ്ണോളം സൂക്ഷിച്ചിരുന്ന ഫാക്ടറിയിലെ 610-ാം നമ്പർ ടാങ്കിലേക്ക് വെള്ളം ചോരുന്നു.

ഡിസംബർ 3: (രാത്രി 12.05). മീതൈൽ ഐസോ സയനൈറ്റും വെള്ളവും ചേർന്നുള്ള പ്രതിക്രിയയിലൂടെ ടാങ്കിലെ ചൂട് 200 ഡിഗ്രിക്കുമേൽ ഉയരുകയും വാതകം പുറത്തേക്ക് പ്രവഹിക്കുകയും ചെയ്യു.

ഡിസംബർ 3: (രാത്രി 12.30). പതിവിനു വിപരീതമായി അപകടസൂചന നൽകുന്ന നീണ്ട സൈറൺ മുഴങ്ങുന്നു. പെട്ടെന്ന് നിലയ്ക്കുന്നു. തൊഴിലാളികൾ ഫാക്ടറിയിൽനിന്ന് രക്ഷപ്പെടുന്നു. പോലീസ് കുതിച്ചെത്തുന്നു. വാതകച്ചോർച്ച കാർബൈഡ് നിഷേധിക്കുന്നു.

ഡിസംബർ 3: (രാത്രി 1.00 മണി). വാതകം പുറത്തേക്ക് നീങ്ങുന്ന ദിശകളിലെല്ലാം ജനം പിടഞ്ഞുവീണ് മരിക്കുന്നു. ആദ്യമണിക്കൂറുകളിൽ 3787 പേർ മരിച്ചതായി മധ്യപ്രദേശ് സംസ്ഥാനസർക്കാറിന്റെ വാതകദുരിതാശ്വാസമന്ത്രാലയം സ്ഥിരീകരിക്കുന്നു. 72 മണിക്കൂറിൽ അത് 8000–10000 പേരായി ഉയരുന്നു. വാതകദുരന്തവുമായി ബന്ധപ്പെട്ട മരണങ്ങൾ ഇതുവരെ 25000 കവിഞ്ഞുകഴിഞ്ഞു. ലോകചരിത്രത്തിലെ ഏറ്റവും വലിയ വ്യാവസായികദുരന്തമായി ഭോപ്പാൽ കാൽ നൂറ്റാണ്ട് പിന്നിടുന്നു; വാതകദുരന്തബാധിതരായ പതിനായിരങ്ങളുടെ തീരാദുരിതങ്ങളും...

മനുഷ്യജീവന്റെ വില അമേരിക്കയിലും ഇന്ത്യയിലും

മനുഷ്യജീവന്റെ വില അമേരിക്കയിൽനിന്ന് ഇന്ത്യയിലെത്തുമ്പോൾ കുറയുന്നത് എത്രത്തോളം? 24 കോടി രൂപയിൽനിന്ന് ഒരുലക്ഷംവരെ!

ഭോപ്പാലിൽ വിഷവാതകദുരന്തം വിതച്ച യൂണിയൻ കാർബൈഡിന്റെ ആസ്ഥാനമായ അമേരിക്കയിൽ വേൾഡ് ട്രേഡ് സെന്റർ ദുരന്തത്തിൽ മരണപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം ശരാശരി 24 കോടി രൂപയായിരുന്നു. കാൽനൂറ്റാണ്ട് പിന്നിടുന്ന ഭോപ്പാൽ ദുരന്തത്തിൽ മരണപ്പെട്ടവർക്ക് ലഭിച്ചതാകട്ടെ ഒരു ലക്ഷം രൂപ; പരിക്കേറ്റവർക്ക് ശരാശരി 25,000 രൂപയും. അതുതന്നെ കേസും വയ്യാവേലികൾക്കുമൊടുവിൽ എട്ടുകൊല്ലത്തിനും 20 കൊല്ലത്തിനുമിടയിൽ. 2004-ലെ കണക്കനുസരിച്ച് 5,74,000 പേർക്കാണ് ഗുരുതരമായ പരിക്കേറ്റതായി കണക്കാക്കിയിട്ടുള്ളത്. അതിൽ 15,274 പേർ മരിച്ചതായും. 1989-ലെ സുപ്രീംകോടതി വിധി അനുസരിച്ച് മരിച്ചതായി രേഖപ്പെടുത്തിയ മൂവായിരം പേരടക്കം പരിക്കേറ്റ 1,20,000 പേർക്ക് 470 മില്യൻ ഡോളർ നഷ്ടപരിഹാരം നല്കാനാണ് യൂണിയൻ കാർബൈഡ് തയ്യാറായത്. അനൗദ്യോഗിക കണക്കനുസരിച്ച് 25,000 പേരെങ്കിലും ആദ്യദിവസങ്ങളിൽത്തന്നെ മരിച്ചതായി കണക്കാക്കപ്പെടുന്നു.

മാതൃഭൂമി
വിഷവാതകം ചോർന്ന്
500-ലേറെ മരണം
നാടിനെ നടുക്കിയ ദുരന്തം
ആന്തുലെ വെച്ചത് പൊയ്‌വെടി
P.V.S HOSPITAL (P) LTD.
RAILWAY STATION ROAD
CALICUT-673002

ഭോപ്പാലിലെ നഷ്ടപരിഹാരത്തുക ഒരു ലക്ഷമാണെങ്കിൽ 1997-ലെ ഡൽഹി ഉപഹാർ സിനിമാ ദുരന്തത്തിൽ മരിച്ച 59 പേർക്കും ശരാശരി ലഭിച്ചത് 15 ലക്ഷം മുതൽ 18 ലക്ഷം വരെ. പരിക്കേറ്റ 100 പേർക്ക് ഒരു ലക്ഷം വരെ. അതുതന്നെ ആറു വർഷത്തിനുള്ളിൽ. ഒൻപത് ശതമാനം പലിശയടക്കം.

കൊലയാളി എവിടെ?

ഭോപ്പാൽ വിഷവാതക ദുരന്തത്തിന്റെ ദുരിതങ്ങൾ പതിനായിരങ്ങളെയും അവരുടെ പിൻതലമുറയെയും വേട്ടയാടുമ്പോഴും ദുരന്തത്തിന്റെ കാരണക്കാരായ യൂണിയൻ കാർബൈഡിന്റെ മുൻ ചെയർമാൻ വാറൻ ആൻഡേഴ്സൻ ഇപ്പോഴും അമേരിക്കയിൽ അല്ലലില്ലാതെ കഴിയുന്നു. ഇന്ത്യയിലെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ സി.ബി.ഐ.ക്കോ ഇന്റർപോളിനോ കഴിയുന്നില്ല.

കുറച്ചുകൊല്ലംമുമ്പുവരെ സി.ബി.ഐ. വെബ്സൈറ്റിൽ ആൻഡേഴ്സനെ 'വാണ്ടഡ്' ആയി പ്രഖ്യാപിച്ചിരുന്നതാണ്. പിന്നീടത് പിൻവലിച്ചു. ഈയിടെയാണ് കൊലക്കുറ്റത്തിന്മേൽ ആൻഡേഴ്സനെ അറസ്റ്റു ചെയ്യാൻ ഭോപ്പാൽ കോടതി വിധിച്ചത്.

അന്തർദേശീയതലത്തിൽ പ്രവർത്തിക്കുന്ന ഗ്രീൻപീസ് പ്രവർത്തകരാണ് ന്യൂയോർക്കിനടുത്ത ലോങ് ഐലൻഡിലെ ബ്രിഡ്ജ് ഹാംപ്ടണിലെ കൂറ്റൻ ബംഗ്ലാവിൽ ഭാര്യ ലിലിയാനുമൊത്ത് കഴിയുന്ന വിവരം കണ്ടെത്തുന്നത്. ഇടയ്ക്കിടെ സ്വന്തം കാഡിലാക്ക് കാറിൽ സവാരി നടത്തുന്നതാണ് ഹോബി.

ഭോപ്പാൽ വാതകദുരന്തം നടന്ന് നാലാം ദിവസം–ഡിസംബർ ഏഴിന് ആൻഡേഴ്സനെയും കാർബൈഡിന്റെ ഇന്ത്യൻ ഉദ്യോഗസ്ഥരെയും ഭോപ്പാലിൽ വെച്ച് അറസ്റ്റുചെയ്തതായിരുന്നു. നരഹത്യ മുതൽ ഒട്ടേറെ ക്രിമിനൽ കുറ്റങ്ങൾ ചുമത്തിയിരുന്നെങ്കിലും 25,000 രൂപ ജാമ്യത്തുക കെട്ടിവെച്ച് പുറത്തിറങ്ങിയ അദ്ദേഹം രായ്ക്കുരാമാനം സ്വകാര്യ വിമാനത്തിൽ അമേരിക്കയിലേക്ക് രക്ഷപ്പെടുകയായിരുന്നു.

ഇന്ത്യയിൽ വിചാരണ നേരിട്ടിരുന്നുവെങ്കിൽ പത്തുവർഷത്തെ തടവെങ്കിലും ലഭിക്കുമായിരുന്ന ആൻഡേഴ്സനെ പിടികൂടാൻ ഇന്റർനാഷണൽ വാറൻറുണ്ടായിട്ടും കഴിയാതെ പോയി. ക്രിമിനൽ കുറ്റങ്ങൾ സുപ്രീംകോടതി ശരിവെച്ചശേഷം ജില്ലാ കോടതി നിരവധിതവണ സമൻസയച്ചിട്ടും ആൻഡേഴ്സൻ ഹാജരായില്ല–ഒടുവിൽ 'പിടികിട്ടാപ്പുള്ളി'യായി പ്രഖ്യാപിക്കുകയും ചെയ്യു.

വാറൻ ആൻഡേഴ്സൻ